# തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി

## നോട്ടീസ്

വിഷയം : തിരുവനന്തപുരം ജില്ലയിലെ താത്കാലിക കോടതികളിൽ ഉണ്ടാകാവുന്ന ഒഴിവുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യാൻ അർഹരും സന്നദ്ധരുമായ വ്യക്തികളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നതു സംബന്ധിച്ച്.

സൂചന : (1) G.O(MS) No.94/2014/Home dated 13/5/2014

(2) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ D9(B)-57167/2013 dated 7/5/2014 ലെ എൻഡോഴ്സ്മെന്റ്

(3) ബഹുമാനപ്പെട്ട ഹൈകോടതിയുടെ D7(A)-28651/2006 dated 25/7/2014 ലെ ഒഫീഷ്യൽ മെമ്മൊറാണ്ടം

(4) ബഹുമാനപ്പെട്ട തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ A1 2556/2018 dated 10/04/2018 ലെ ഉത്തരവ്.

തിരുവനന്തപുരം ജില്ലയിലെ താത്കാലിക ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതികളിൽ ഉണ്ടാകാവുന്ന ഒഴിവുകളിലേക്ക് 179 ദിവസത്തേക്ക് അല്ലെങ്കിൽ നിയമിക്കപ്പെടുന്ന വ്യക്തി 60 വയസ്സ് പൂർത്തിയാക്കുന്നതു വരേയോ ഇവയിൽ ഏതാണോ ആദ്യം വരിക അതുവരെ കരാർ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഒഴിവുകളിലേക്ക് നിയമിക്കപ്പെടുന്നതിനുവേണ്ടി അർഹരും സന്നദ്ധരുമായ വ്യക്തികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

വകുപ്പ് : നീതിന്യായം

| തസ്തിക | മാസ ശംബളം |
|---|---|
| 1) എൽ. ഡി ക്ലാർക്ക് | ₹ 19,950/- |
| 2) എൽ. ഡി ടൈപ്പിസ്റ്റ് | ₹ 19,950/- |
| 3) ഓഫീസ് അറ്റന്റന്റ് | ₹ 17,325/- |

യോഗ്യത:

(1) സംസ്ഥാന/കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ സമാനമായതോ, ഉയർന്നതോ ആയ തസ്തികയിൽ 5 വർഷത്തിൽ കുറയാതെയുള്ള പ്രവർത്തി പരിചയം. ഹൈക്കോടതി, കീഴ് കോടതികൾ, നിയമവകുപ്പ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ് എന്നിവിടങ്ങളിൽ ജോലി ചെയ്തിരുന്നവർക്ക് മുൻഗണന.

(2) വിരമിച്ച കോടതി ജീവനക്കാർക്ക് മുൻഗണന.

(3) 60 വയസ്സ് പൂർത്തിയാകാൻ പാടില്ല.

കേരള സർവ്വീസ് റൂൾസ് ഭാഗം 1, അനുബന്ധം 1 പ്രകാരവും സൂചന 1 ലെ സർക്കാർ ഉത്തരവു പ്രകാരവുമുള്ള സേവന വ്യവസ്ഥകൾ കൂട്ടി യോജിപ്പിച്ചുകൊണ്ടുള്ള ഒരു കരാർ സമ്മതപത്രത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികളും സർക്കാരും തമ്മിൽ ഏർപ്പെടേണ്ടതാണ്. യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ പൂർണ്ണമായ ബയോഡേറ്റയോടൊപ്പം വയസ്സ്, യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം "ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, വഞ്ചിയൂർ, തിരുവനന്തപുരം 695 035" എന്ന വിലാസത്തിലേക്ക് 31/05/2018 വൈകുന്നേരം 5 മണി വരെ അപേക്ഷകൾ നേരിട്ടും തപാലിലും സ്വീകരിക്കുന്നതാണ്. കവറിനു മുകളിൽ "താത്കാലിക നിയമനത്തിനുള്ള അപേക്ഷ" എന്ന് പ്രത്യേകം കാണിക്കേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്
തിരുവനന്തപുരം

10/04/2018

CHIEF JUDICIAL MAGISTRATE'S C
THIRUVANANTHAPURAM